വാണിജ്യപരമായും അനുയോജ്യമാണെങ്കിൽ സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ പരിഗണിക്കുന്നതാണ്. നിലവിൽ ടി മണ്ഡലത്തിൽ മറ്റ് സ്ഥലങ്ങളിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുവാൻ തീരുമാനം എടുത്തിട്ടില്ല.

റേഷൻ കാർഡുകളുടെ വിതരണം

110 (176) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സിറ്റി, താലൂക്ക് റേഷനിംഗ് ഓഫീസുകളിൽ എത്ര പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കാർഡുകൾ വിതരണം ചെയ്തു ;

(സി) ഇനി എത്ര കാർഡുകൾ വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-11-2010 വരെ 8705 അപേക്ഷകൾ ലഭിച്ചു.

(ബി) 7535 കാർഡുകൾ വിതരണം ചെയ്തു.

(സി) 1170 കാർഡുകൾ വിതരണം ചെയ്യാനുണ്ട്.

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ പുതിയ റേഷൻ കട

111 (177) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ പുതിയ റേഷൻകട അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുട്ടനാട്ടിൽ പുതിയ മാവേലിസ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ പുതിയ റേഷൻകട അനുവദിക്കുന്നതിന് സമർപ്പിച്ച നിവേദനം ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിനായി സിവിൽ സപ്ലൈസ് ഡയറക്ടർ അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുട്ടനാട് താലൂക്കിൽ 19-12-2009-ൽ മുട്ടാർ മാവേലി സ്റ്റോറും, 3-8-2010-ൽ കാവാലം മാവേലി സ്റ്റോറും പ്രവർത്തനം ആരംഭിച്ചു. കുട്ടനാട് താലൂക്കിൽ സപ്ലൈകോയുടെ മാവേലി സ്റ്റോർ ഇല്ലാത്ത പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ പുതിയ ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടിയായി. ഇതേക്കുറിച്ച് സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് നൽകുവാൻ എറണാകുളം മേഖലാ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly